# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1602 — 04-10-2016-ൽ മറുപടിയ്ക്ക്

## കാരുണ്യ ബനവലന്റ് ഫണ്ട്

| | ചോദ്യം<br>ശ്രീ. എൽദോ എബ്രഹാം | | മറുപടി<br>ഡോ. ടി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കാരുണ്യ ബനവലന്റ് ഫണ്ടിൽ നിന്നും സഹായത്തിനുള്ള അപേക്ഷയോടൊപ്പം എന്തൊക്കെ രേഖകളാണ് സമർപ്പിക്കേണ്ടതെന്നും അപേക്ഷ സമർപ്പിക്കേണ്ടത് എവിടെയാണെന്നും വ്യക്തമാക്കാമോ ? | (എ) | കാരുണ്യ ബനവലന്റ് ഫണ്ടിൽ ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷയോടൊപ്പം ചികിത്സാ ചെലവ് എസ്റ്റിമേറ്റ്, റേഷൻ കാർഡിന്റെ പകർപ്പ് (പേജ് 1, 2, 3, 22), രോഗിയുടെ ഫോട്ടോ, രോഗിയും കുടുംബവും ഉൾപ്പെടെ വീടിനു മുന്നിൽ നിൽക്കുന്ന ഫോട്ടോ, റേഷൻ കാർഡിലുള്ള മേൽവിലാസം ഇപ്പോഴുള്ള മേൽവിലാസത്തിൽ നിന്നും വ്യത്യസ്തമാണെങ്കിൽ രണ്ടു മേൽവിലാസത്തിലെ ആളും ഒന്നാണെന്ന് തെളിയിക്കുന്നതിനുള്ള വില്ലേജാഫീസർ സാക്ഷ്യപ്പെടുത്തിയ വൺ ആന്റ് സെയിം സർട്ടിഫിക്കറ്റ് എന്നിവ അതാത് ജില്ലാ ഭാഗ്യക്കുറി ആഫീസിൽ സമർപ്പിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ.